(സി) പ്രസ്തുത പരാതിയിൽ പരാമർശിക്കുന്ന സർവ്വേ നമ്പറിലെ വസ്തുവിൽ 1995 മുതൽ ഓരോ വർഷവും ഒടുക്കിയ നികുതി രസീതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) നികുതി ഒടുക്കുന്നതിൽ രേഖപ്പെടുത്തുന്ന വസ്തുതകൾ വ്യത്യാസം വരുത്തുന്ന ചട്ടവിരുദ്ധമായ പ്രവർത്തനങ്ങളിൽ ആർക്കെതിരെയാണ് നടപടി സ്വീകരിക്കേണ്ടത്, വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മരുതോങ്കര വില്ലേജിൽ റീസർവ്വേയുമായി ബന്ധപ്പെട്ട സർവ്വേ അദാലത്തിൽ ലഭ്യമായ വിവരപ്രകാരം 2010-നുശേഷം 81 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. രമേശൻ പറമ്പാട്ട് എന്നയാൾ സർവ്വേ അദാലത്തിൽ സമർപ്പിച്ചിരുന്ന അപേക്ഷ നടപടി സ്വീകരിക്കുന്നതിന് വടകര അഡീഷണൽ തഹസീൽദാർ താലൂക്ക് സർവ്വേ വിഭാഗം ഹെഡ് സർവ്വേയർക്ക് കൈമാറിയിട്ടുള്ളതായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വസ്തുവിന്റെ റീസർവ്വേ നമ്പർ, തണ്ടപ്പേർ നമ്പർ എന്നിവ ലഭ്യമാക്കുന്ന പക്ഷം നികുതി ഒടുക്കുന്ന വിവരം വില്ലേജാഫീസിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

(ഡി) നികുതി ഒടുക്കു രേഖപ്പെടുത്തുന്നതിൽ വ്യത്യാസം വരുത്തുന്ന പക്ഷം അപ്രകാരം ചട്ടവിരുദ്ധമായ പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥനെതിരെയാണ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടത്.

പാലക്കാട് ജില്ലയിൽ മണൽ ഖനനവും മണൽ കടത്തും

24(4460) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മണൽ ഖനനവും മണൽ കടത്തും നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിരോധനം മൂലം മണൽ പാസ് ലഭിച്ചവർക്ക് മണൽ ലഭ്യമാകുന്നതിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മണൽ ന്യായവിലയ്ക്ക് സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) മലമ്പുഴ ഡാമിൽ നിന്നും മുമ്പ് ശേഖരിച്ചിരുന്ന മണൽ പാസ്സ് നൽകി സാധാരണക്കാർക്ക് വിതരണം ചെയ്യുകഴിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ കളക്ടറുടെ 9-12-2013-ലെ എൽ.ആർ.ജി. 10-2013/60950/9 നമ്പർ നടപടിക്രമം മുഖേന മണൽ ഖനനവും കടത്തും നിരോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA171/2013 നമ്പർ ഉത്തരവ് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറുടെ 27-11-2013-ലെ DoECC/E3/2681/2013 നമ്പർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിരോധനം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) മണൽ വിതരണത്തിൽ സുതാര്യത വരുത്തുന്നതിനായി തൃശ്ശൂർ, പാലക്കാട്, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ " SAND" എന്ന ഓൺലൈൻ മണൽ പാസ് വിതരണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മണൽ ലഭ്യതയും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന് പുറമേ നിന്നുള്ള മണൽ ലഭ്യത സുഗമമാക്കുന്നതിനായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് 3-5-2013-ലെ ജി.ഒ.(എംഎസ്.) 183/13/റവ. നമ്പർ ഉത്തരവായിട്ടുള്ളതാണ്.

(ഇ) മലമ്പുഴ, വാളയാർ, ചുള്ളിയാർ ഡാമുകളിൽ നിന്നും സംഭരിച്ച മണൽ വിൽപ്പന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly